പത്താം ക്ലാസിലെ സാമൂഹ്യശാസ്ത്രം പാഠങ്ങളിൽനിന്നും
വരാവുന്ന ഒരു മാർക്കിന്റെ ചോദ്യോത്തരങ്ങൾ .

ഈ നോട്ട് തയ്യാറാക്കിയത്
[ G.H.S.S. ] വാടാനാംകുർശ്ശിയിലെ അനിൽകുമാർ മാസ്റ്റർ.
9526673598 EMAIL: anilkumarvaniyamkulam@gmail.com

SOCIAL SCIENCE-I
CHAPTER-1
ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ .

1. അമേരിക്കൻ സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് അമേരിക്കൻ കോളനികളിൽ ഉയർന്നുകേട്ട മുദ്രാവാക്യം എന്തായിരുന്നു?
പ്രാതിനിധ്യമില്ലാതെ നികുതിയില്ല .
2. പ്രാതിനിധ്യമില്ലാതെ നികുതിയില്ല എന്ന മുദ്രാവാക്യത്തിന് രൂപം നൽകിയത് ആരായിരുന്നു?
ജെയിംസ് ഓട്ടിസ് .
3. അമേരിക്കൻ കോളനികളിൽ ബ്രിട്ടീഷ് വ്യാപാരികൾ നടപ്പിലാക്കിയ വ്യാപാരനയം എന്ത് പേരിൽ അറിയപ്പെട്ടു?
മെർക്കന്റിലിസം .
4. "മനുഷ്യന് ചില മൗലികാവകാശങ്ങളുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവണ്മെന്റിനും അവകാശമില്ല. ഇത് ആരുടെ പ്രസ്താവനയാണ്?
ജോൺ ലോക്ക് .
5. "ഏതെങ്കിലും വിദേശശക്തിക്ക് ഈ വൻകര ദീർഘകാലം കീഴടക്കി കഴിയണമെന്നത് യുക്തിക്ക് നിരക്കുന്നതല്ല". ഇത് ആരുടെ പ്രസ്താവനയാണ്?
തോമസ് പെയിൻ
6. ഒന്നാം കോണ്ടിനെന്റൽ സമ്മേളനം നടന്നത് എവിടെവച്ചായിരുന്നു?
ഫിലാഡൽഫിയ .

7. കോമൺസെൻസ്' എന്ന ലഘുലേഖ പ്രസിദ്ധീകരിച്ചത് ആര് ?
തോമസ് പെയിൻ .
8. അമേരിക്കൻ കോണ്ടിനെന്റൽ സമ്മേളനം പ്രസിദ്ധമായ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തിയത് എന്ന്?
1776 .
9. പതിമൂന്ന് അമേരിക്കൻ കോളനികളുടെയും സ്വാതന്ത്യം ബ്രിട്ടൻ അംഗീകരിച്ച ഉടമ്പടി ഏതായിരുന്നു ?
പാരീസ് ഉടമ്പടി .
10. അമേരിക്കൻ ഭരണഘടന എഴുതി തയ്യാറാക്കിയത് ആരുടെ നേതൃത്വത്തിലായിരുന്നു ?
ജെയിംസ് മാഡിസൺ .
11. അമേരിക്കൻ ഐക്യനാടുകളുടെ ആദ്യത്തെ പ്രസിഡന്റ് ആരായിരുന്നു ?
ജോർജ് വാഷിങ്ടൺ .

12. ഫ്രാൻസിലെ പുരോഹിതന്മാർ കർഷകരിൽനിന്നും പിരിച്ചിരുന്ന നികുതി ഏതു പേരിൽ – അറിയപ്പെട്ടു ?
തിഥേ .
13. ഫ്രാൻസിലെ ഗവണ്മെന്റ് കർഷകരിൽനിന്നും പിരിച്ചിരുന്ന നികുതി ഏതു പേരിൽ – അറിയപ്പെട്ടു ?
തൈലേ .
14. ഫ്രാൻസിലെ ബൂർബൻ ഭരണകാലത്തെ നിയമനിർമാണസഭ ഏതുപേരിൽ അറിയപ്പെട്ടു ?
സ്റ്റേറ്റ് ജനറൽ .
15. ഫ്രാൻസിൽ ഉയർന്ന സാമൂഹികപദവിയും അവകാശങ്ങളും ആഡംബരജീവിതവും നയിച്ചത് ഏതു വിഭാഗങ്ങളായിരുന്നു ?
ഒന്നാം എസ്റ്റേറ്റും രണ്ടാം എസ്റ്റേറ്റും .

16. ഫ്രാൻസിൽ ഏറ്റവും കൂടുതൽ ജനവിഭാഗങ്ങൾ ഏതു എസ്റ്റേറ്റിലായിരുന്നു ?
മൂന്നാം എസ്റ്റേറ്റിൽ .
17. പുരോഹിതന്മാരെ പരിഹസിക്കുകയും , യുക്തി ചിന്ത , സമത്വം , മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്ത ചിന്തകനാര് ?
വോൾട്ടയർ .

19. “സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടേയും ചങ്ങലയിലാണ്” എന്ന പ്രസ്താവനയിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കിയതാര് ?
റൂസ്സോ .
20. ഗവൺമെന്റിനെ നിയമനിർമാണം , കാര്യനിർവഹണം , നീതിന്യായ വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചതാര് ?
മൊണ്ടസ്ക്യൂ .
21. ഫ്രാൻസിലെ നിയമനിർമാണസഭയായ സ്റ്റേറ്റ് ജനറലിൽ മൂന്നാം എസ്റ്റേറ്റ് ഏതുപേരിലാണറിയപ്പെട്ടത് ?
കോമൺസ് .
22. ഫ്രഞ്ചുവിപ്ലവത്തിന്റെ ആരംഭമായി കണക്കാക്കുന്നത് ?
ബൂർബൻ രാജവാഴ്ചയുടെ പ്രതീകമായിരുന്ന ബാസ്റ്റിൽ ജയിൽ തകർത്തത് .
23. ഫ്രാൻസിന്റെ ദേശീയദിനമായി ആചരിക്കുന്നത് ?
ജൂലൈ 14 .
24. ഫ്രഞ്ചുവിപ്ലവത്തിൽ മുഴങ്ങി കേട്ട മുദ്രാവാക്യങ്ങളേവ ?
സ്വാതന്ത്ര്യം , സമത്വം , സാഹോദര്യം .

25. "ഫ്രാൻസ് തുമ്മിയാൽ യൂറോപ്പിനാകെ ജലദോഷം പിടിക്കും '. പ്രസ്താവന ആരുടേത് ?
മെറ്റേർണിക്ക് .
26. 1815 ൽ നടന്ന ഏതു യുദ്ധത്തിൽ വച്ച് യൂറോപ്യൻ സഖ്യം നെപ്പോളിയനെ പരാജയപ്പെടുത്തി ?
വാട്ടർലൂ .
27. തെക്കെയമേരിക്കയിലെ ജോർജ് വഷിങ്ടൺ എന്നറിയപ്പെടുന്നത് ?
സൈമൺ ബോളിവർ .

28. മെൻഷെവിക്കുകളുടെ നേതാവ് ആരായിരുന്നു?
അലക്സാണ്ടർ കെറൻസ്കി .
29. ബോൾഷെവിക്കുകളുടെ നേതാക്കന്മാർ ആരെല്ലാമായിരുന്നു ?
! ട്രോട്സ്കി , ലെനിൻ

30. റഷ്യയിൽ രൂപംകൊണ്ട് തൊഴിലാളി സംഘടനകളെ പൊതുവെ എന്തുപേരിൽ അറിയപ്പെട്ടു ?
സോവിയറ്റ്സ് .
31. സാർ ഭരണകാലത്തെ റഷ്യൻ പാർലമെന്റ് ഏതുപേരിൽ അറിയപ്പെട്ടു ?
ഡ്യൂമ .
32. അമേരിക്കക്ക് ചൈനയിൽ ഇടപെടാൻ അവസരമൊരുക്കിയ തുറന്നവാതിൽ നയം പ്രക്യാപിച്ചതാര് ?
ജോൺ ഹേയ് .
33. ആരുടെ നേതൃത്വത്തിലാണ് കുമിങ്താങ് പാർട്ടി രൂപീകരിക്കപ്പെട്ടത് ?
സന്യാത്ത് സെൻ .
34. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ്? ?
മാവോ സെ തുങ് .
35. ചൈന ഒരു ജനകീയ റിപ്പബ്ലിക്കായി മാറിയതെന്ന് ?
1949 ഒക്ടോബർ ഒന്ന് .
36. സ്വാതന്ത്ര്യവും അവകാശങ്ങളും നിഷേധിക്കുന്ന നിലവിലിരുന്ന വ്യവസ്ഥിതിയേമാറ്റി പുതിയ ഒന്നിനെ സ്ഥാപിക്കാനായി നടത്തുന്ന സമരങ്ങളാണ് ?
വിപ്ലവങ്ങൾ .
37. ആദ്യകാലവിപ്ലവങ്ങൾക്ക് പ്രേരകമായ പ്രധാന ഘടകമേത് ?

നവോത്ഥാനം .

chapter 2
ലോകം ഇരുപതാം നൂറ്റാണ്ടിൽ .

| |
|---|
| 1. ലാഭം ലക്ഷ്യമാക്കി ഉൽപാദനവും വിതരണവും സ്വകാര്യവ്യക്തികൾ നിയന്ത്രിച്ചിരുന്ന സമ്പദ് |
| വ്യവസ്ഥ അറിയപ്പെട്ടിരുന്നത് ? |
| മുതലാളിത്തം . |

2. ഒരു രാജ്യം മറ്റൊരു രാജ്യത്തിനുമേൽ സ്ഥാപിക്കുന്ന രാഷ്ട്രീയ , സാമ്പത്തിക , സാംസ്കാരിക ആധിപത്യം അറിയപ്പെടുന്നത് ?
സാമ്രാജ്യത്വം .
3. യൂറോപ്യൻ രാജ്യങ്ങൾ രാഷ്ട്രീയാധികാരവും സൈനികശേഷിയും ഉപയോഗിച്ച് കോളനികളിൽ സാമ്പത്തിക ചൂഷണം നടത്തിയ പ്രക്രിയ ?
കോളനിവത്കരണം .
4. സ്വന്തം രാജ്യം മറ്റുള്ളവയേക്കാൾ ശ്രേഷ്ഠമാണെന്ന് കരുതുകയും സ്വന്തം രാജ്യം ചെയ്യുന്നതിനെയെല്ലാം ന്യായീകരിക്കുകയും ചെയ്യുന്നത് ?
തീവ്രദേശീയത .
5. കിഴക്കൻ യൂറോപ്പിലെ സെർബിയ , ബൾഗേറിയ , ഗ്രീസ് തുടങ്ങിയ രാജ്യങ്ങളിലെ സ്ലാവ് വംശജരെ ഏകീകരിക്കാൻ റഷ്യയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട പ്രസ്ഥാനമേത് ?
പാൻ സ്ലാവ് പ്രസ്ഥാനം .
6. മധ്യയൂറോപ്പിലും ബാൽക്കൻമേഖലയിലും സ്വാധീനമുറപ്പിക്കുന്നതിന് ട്യൂട്ടോണിക് വർഗക്കാരെ ഏകോപിപ്പിക്കുന്നതിനായി ജർമനിയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രസ്ഥാനം ?
പാൻ ജർമൻ പ്രസ്ഥാനം .
7. ഫ്രാന്സിന്റെ നേതൃത്വത്തിൽ തങ്ങളുടെ പക്കൽനിന്നും ജർമനി കൈവശപ്പെടുത്തിയ അൽസൈസ് ,ലൊറൈൻ പ്രദേശങ്ങൾ തിരികെ പിടിക്കുന്നതിനായി ആരംഭിച്ച പ്രസ്ഥാനമേത് ?
പ്രതികാര പ്രസ്ഥാനം .
8. ഒന്നാംലോകയുദ്ധത്തിന്റെ പ്രധാന കേന്ദ്രം ?
യൂറോപ്പ് .
9. ഒന്നാം ലോകയുദ്ധത്തിൽ വിജയിച്ച രാജ്യങ്ങൾ 1919 ിൽ പാരീസിൽ ജർമനിയുമായി ഒപ്പുവച്ച സന്ധി ?
വേഴ്സായ് സന്ധി .
10. 1929 ലെ ലോകസാമ്പത്തികമാന്ദ്യം ആവിർഭവിച്ചത്
അമേരിക്കയിൽ .
11. ‘ പുരുഷന് യുദ്ധം സ്ത്രീക്ക് മാതൃത്വം എന്നതുപോലെയാണ് " ഇതാരുടെ വാക്കുകൾ ?
ബെനിറ്റോ മുസോളിനി .
12. ഫാഷിസ്റ്റ് നയങ്ങൾ നടപ്പിലാക്കുന്നതിനും എതിരാളികളെ അടിച്ചമർത്തുന്നതിനും വേണ്ടി മുസോളിനി രൂപീകരിച്ച സൈനികവിഭാഗമേത് ?
കരിങ്കുപ്പായക്കാർ .
13. പ്രത്യേകം തയ്യാറാക്കിയ കോണ്സന്ട്രേഷൻ ക്യാമ്പുകളിൽവച്ച് ജൂതരെ കൂട്ടക്കൊല ചെയ്യുന്നതിനായി ഹിറ്റ്ലർ രൂപം നൽകിയ സൈന്യമേത് ?
തവിട്ടുകുപ്പായക്കാർ .
14. ഹിറ്റ്ലർ ജൂതരുടെ കൂട്ടകൊലക്കായി പ്രത്യേകം തയ്യാറാക്കിയ കോണ്സന്ട്രേഷൻ ക്യാമ്പുകൾ

അറിയപ്പെട്ടിരുന്നത് ?
ഹോളോകാസ്റ്റ് .
15. ജൂതരെ കൂട്ടക്കൊല ചെയ്യാനായി ഹിറ്റലർ രൂപം നൽകിയ രഹസ്യവിഭാഗമേത് ?
ഗസ്റ്റപ്പൊ .
16. ഫാഷിസ്റ്റ് ആക്രമണങ്ങളെ ചെറുക്കാതെ അവർക്കു പ്രോത്സാഹനം നൽകുകയും സോഷ്യലിസ്റ്റ് രാജ്യമായ സോവ ിയറ്റ്യൂണിയനെ മുഖ്യശത്രുവായി കരുതുകയും ചെയ്ത മുതലാളിത്തരാജ്യങ്ങളുടെ നയമേത് ?
പ്രീണനനയം .
17. രണ്ടാംലോകയുദ്ധാനന്തരം ലോകസമാധാനം സംരക്ഷിക്കുന്നതിനായി രൂപീകരിക്കപ്പെട്ട സംഘടന ?
ഐക്യരാഷ്ട്രസംഘടന .
18. ഐക്യരാഷ്ട്രസഭ നിലവിൽ വന്നത് ?
1945 ഒക്ടോബർ 24 .
19. ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനം ?
ന്യൂയോർക്ക് .
20. രണ്ടാം ലോകയുദ്ധാനന്തരം സാമ്രാജ്യത്വശക്തികളുടെ ഭരണത്തിൽനിന്നും ഏഷ്യയിലേയും ആഫ്രിക്കയിലേയും രാഷ്ട്രങ്ങൾ സ്വതന്ത്രമായതിനെ ---എന്നുവിളിക്കുന്നു ?
അപകോളനീകരണം .
21. പരസ്പരം ശത്രുത പുലർത്തിയ രണ്ടുചേരികൾ തമ്മിലുണ്ടായ ആശയപരമായ സംഘർഷങ്ങളും നയതന്ത്രയുദ്ധങ്ങളുമാണ് --- ?
ശീതസമരം .
22. എവിടെ വച്ചു നടന്ന സമ്മേളനത്തിലാണ് ചേരിചേരാപ്രസ്ഥാനത്തിനു രൂപം നൽകാൻ തീരുമാനിച്ചത് ?
1955 ിൽ ഇന്തോനേഷ്യയിലെ ബാന്ദൂങ് .
23. ചേരിചേരാ രാജ്യങ്ങളുടെ ആദ്യത്തെ സമ്മേളനം നടന്നതെവിടെ ?
1961 ബെൽഗ്രേഡ് .
24. ജൂതർക്ക് ഒരു രാജ്യം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ട പ്രസ്ഥാനമാണ് ?
സിയോണിസ്റ്റ് പ്രസ്ഥാനം .
25. പാലസ്തീന് സ്വന്തമായൊരു രാജ്യം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ട പ്രസ്ഥാനമേത് ?
പാലസ്തീൻ വിമോചന സംഘടന .
26. പാലസ്തീൻ വിമോചനസംഘടനയുടെ സ്ഥാപക പ്രസിഡന്റ് ? ?
യാസർ അറഫാത്ത്
27. 1993 ൽ പാലസ്തീന്െ സ്വതന്ത്രരാഷ്ട്രമാക്കാൻ ഇസ്രായേൽ അംഗീകാരം നൽകി ഒപ്പുവക്കപ്പെട്ട കരാർ ഏത് ?
ഓസ്ലോകരാർ .
28. ഗോർബചേവ് പ്രസിഡന്റ് സ്ഥാനം രാജിവച്ചതോടെ സോവ്യേറ്റ് യൂണിയൻ തകർന്നത് ഏത് ുവർഷത്തിൽ ?
1991 .
29. ബഹുരാഷ്ട്ര കമ്പനികൾ അവരുടെ താത്പര്യങ്ങൾക്കുവേണ്ടി വികസ്വരവും അവികസിതവുമായ രാജ്യങ്ങളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക മേഖലകളിൽ ഇടപെടാൻ തുടങ്ങിയതാണ് --- ?
നവസാമ്രാജ്യത്വം
30. ബഹുരാഷ്ട്ര കമ്പനികളുടെ ഉൽപന്നങ്ങൾക്കും മൂലധനത്തിനും നിയന്ത്രണമില്ലാതെ കടന്നുവരാനായി ഇറക്കുമതിനിയമങ്ങളും നികുതികളും ഉദാരമാക്കിയതാണ് --- ?
ആഗോളവത്കരണം .

## CHAPTER 3 .

### പൊതു ഭരണം .

1. കേന്ദ്ര സർവീസ്സിലേക്കും അഖിലേന്ത്യാ സർവീസ്സിലേക്കും ഉദ്യോഗസ്ഥരെ തെരെഞ്ഞെടുക്കുന്ന ഭരണഘടനാ സ്ഥാപനമേത് ?
യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ .
2. സംസ്ഥാന സർവ്വീസിലേക്ക് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്ന സ്ഥാപനമേത് ?
സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ .

3. ഇന്ത്യയിൽ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നതാര് ?
രാഷ്ട്രപതി
4. ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ ഉപയോഗത്തെ - - - എന്നു വിളിക്കുന്നു ?
ഇ ഗവേണൻസ് .
5. എന്നാണ് വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നത് ?
2005 .
6. ഏത് സംഘടനയുടെ പ്രവർത്തനങ്ങളാണ് വിവരാവകാശ നിയമ നിർമ്മാണത്തിലേക്ക് നയിച്ചത് ?
രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘാതൻ .
7. സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമമേത് ?
സേവനാവകാശ നിയമം .
8. ദേശീയ തലത്തിൽ അഴിമതി തടയുന്നതിനായി രൂപംനൽകിയ സ്ഥാപനമേത് ?
ലോക്പാൽ .
10. സംസ്ഥാന തലത്തിൽ അഴിമതി തടയുന്നതിനായിരൂപംനൽകിയ സ്ഥാപനമാണ് -- ?
ലോകായുക്ത .
11. കേന്ദ്ര ഗവൺമെൻറ് ഓഫീസുകളുമായി ബന്ധപ്പെട്ട അഴിമതി തടയുന്നതിന് വേണ്ടി 1964 ൽ രൂപം കൊണ്ടിട്ടുള്ളസ്ഥാപനമാണ് -- ?
സെൻട്രൽ വിജിലൻസ് കമ്മീഷൻ .
12. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അഴിമതിയോ സ്വജനപക്ഷപാതമോ ധനദുർവിനിയോഗമോ ചുമതലകളിൽ വീഴ്ചയോ വരുത്തിയാൽ പരാതി നല്കാനുള്ള സംവിധാനമാണ് ?
ഓംബുഡ്സ്മാൻ .

## chapter 4 .
ബ്രിട്ടീഷ് ചൂഷണവും ചെറുത്തു നിൽപ്പും .

1. ഏതു വർഷമാണ് പ്ലാസി യുദ്ധം നടന്നത് ?
1757 .
2. ബ്രിട്ടീഷുകാർ ബംഗാളിൽ നടപ്പിലാക്കിയ ഭൂനികുതി വ്യവസ്ഥയേത് ?
ശാശ്വത ഭൂനികുതി വ്യവസ്ഥ .
3. ശാശ്വത ഭൂനികുതി വ്യവസ്ഥ നടപ്പിലാക്കിയ ഗവർണർ ജനറലാരായിരുന്നു ?
കോൺവാലീസ് പ്രഭു .
4. ബ്രിട്ടീഷുകാർ ദക്ഷിണേന്ത്യയിൽ നടപ്പാക്കിയ ഭൂനികുതി നയമേത് ?
റയട്ടുവാരി വ്യവസ്ഥ .
5. മഹൽവാരി വ്യവസ്ഥ നടപ്പിലാക്കിയതെവിടെ ?
വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ .
7. മലബാറിലെ കർഷകകലാപങ്ങൾ അറിയപ്പെടുന്നത് ?
മാപ്പിള കലാപങ്ങൾ .
8. കുറിച്യ കലാപത്തിന്റെ നേതാവ്ാര് ?
രാമൻനമ്പി .
9. കുറിച്യ കലാപം നടന്നതെന്ന് ?
1812 .
10. മലബാറിലെ കർഷക കലാപങ്ങളെപ്പറ്റി പഠിക്കാൻ ബ്രിട്ടീഷുകാർ നിയമിച്ച കമ്മീഷൻ ഏത് ?
വില്യം ലോഗൻ കമ്മീഷൻ .
11. "സ്വയംപര്യാപ്തമായ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ പടച്ചട്ടകളെ ഉരുക്കു റെയിലിനാൽ കീറിമുറിക്കുകയും രക്തം ഊറ്റി കുടിക്കുകയും ചെയ്തു ". ആരുടെ വാക്കുകളാണിത് ?
ഡി.എച്ച് .ബുക്കാനൻ .
12. ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമരം ആരംഭിച്ചതെവിടെ ?
മീററ്റ് .
13. ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമരം നടന്ന വർഷം ?

1857 .
14. നാട്ടുരാജ്യങ്ങളെ ബ്രിട്ടീഷ് ഇന്ത്യയോട് കൂട്ടിച്ചേർക്കാൻ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ പ്രധാനപ്പെട്ട നിയമമേത് ?
ദത്തവകാശ നിരോധന നിയമം .
15. ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകൃതമായ വർഷം ?
1885 .
16. ഇന്ത്യയിലെ സാമ്പത്തിക ചോർച്ച തടയാൻ ഇന്ത്യൻ ദേശീയ നേതാക്കന്മാർ ആഹ്വാനംചെയ്ത ആശയം ?
സ്വദേശി പ്രസ്ഥാനം .
17. "മെച്ചപ്പെട്ട വിദേശ ഭരണത്തെക്കാൾ നല്ലത് തദ്ദേശീയരുടെ മെച്ചമല്ലാത്ത ഭരണമാണ്." ആരുടെ അഭിപ്രായമാണിത്?
ബാലഗംഗാധരതിലക് .
18. ചോർച്ച സിദ്ധാന്തത്തിൻറെ ഉപജ്ഞാതാവ് ?
ദാദാഭായി നവറോജി .
19. ദാദാഭായി നവറോജി എഴുതിയ പുസ്തകമേത്?
പോവർട്ടി ആൻഡ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ .
20. ബംഗാൾ വിഭജനം നടന്ന വർഷം ?
1905 .

## *Chapter 5.*
***സംസ്കാരവും ദേശീയതയും .***

1. ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാളിന്റെ സ്ഥാപകൻ ആരായിരുന്നു ?
വില്യം ജോൺസ് .
2. ബനാറസ് സംസ്കൃത കോളേജിന്റെ സ്ഥാപകനാര് ?
ജൊനാഥൻ ഡങ്കൻ .
3. ബ്രഹ്മസമാജം സ്ഥാപിച്ചതാര് ?
രാജാറാം മോഹൻ റോയ് .
3. വിധവകൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി ബോംബെയിൽ ശാരദാ സദൻ സ്ഥാപിച്ചതാര് ?
പണ്ഡിത രമാബായി .
4. ആര്യസമാജ സ്ഥാപകനാര് ?
സ്വാമി ദയാനന്ദ സരസ്വതി .
5. സർ സയ്യിദ് അ്ഹമ്മദ് ഖാൻ സ്ഥാപിച്ച പ്രസ്ഥാനമേത് ?
അലിഗഡ് പ്രസ്ഥാനം .
6. പ്രാർത്ഥനാ സമാജം രൂപീകരിച്ചതാര് ?
ആത്മാറാം പാണ്ഡുരംഗ് .
7. ഹിതകാരിണിസമാജ സ്ഥാപകനാര് ?
വിരേശലിംഗം .
8. ജോതിബാ ഫൂലേ സ്ഥാപിച്ച പ്രസ്ഥാനമേത് ?
സത്യശോധക് സമാജം .
9. സ്വാഭിമാനപ്രസ്ഥാന സ്ഥാപകനാര് .
ഇ.വി രാമസ്വാമി നായ്ക്കർ .
10. പ്രാദേശികഭാഷാ പത്ര നിയമം നടപ്പിലാക്കിയതാര് ?
ലിട്ടൺ പ്രഭു .
11. 1916 ിൽ മഹാരാഷ്ട്രയിൽ ഇന്ത്യയിൽ ആദ്യത്തെ വനിതാ സർവകലാശാല സ്ഥാപിച്ചതാര് ?
ഡി. കെ . കാർവെ .
12. വിശ്വഭാരതി സർവകലാശാലയുടെ സ്ഥാപകനാര് ?
രവീന്ദ്രനാഥ ടാഗോർ .

13. മൗലാന മുഹമ്മദലി , ഷൗക്കത്തലി , ഡോ . സാക്കീർ ഹുസൈൻ , എം . എ .അൻസാരി എന്നിവരുടെ നേതൃത്വത്തിൽ അലിഗഡിൽ സ്ഥാപിച്ച വിദ്യാഭ്യാസ കേന്ദ്രമേത് ?
ജാമി മില്ലിയ ഇസ്ലാമിയ .
14. മഹാത്മാഗാന്ധി 1937 ൽ മുന്നോട്ടുവെച്ച സവിശേഷമായ ഒരു വിദ്യാഭ്യാസ പദ്ധതി ഏതാണ് ?
വാർധാ വിദ്യാഭ്യാസപദ്ധതി .
15. കേരളാകലാമണ്ഡലം സ്ഥാപിച്ചതാര് ?
വള്ളത്തോൾ നാരായണമേനോൻ .
16. ബങ്കിം ചന്ദ്ര ചാറ്റർജിയുടെ ഏത് നോവലിൽ നിന്നാണ് 'വന്ദേമാതരം 'എന്ന ഗാനം എടുത്തിട്ടുള്ളത് ?
ആനന്ദമഠം
17. നീൽദർപ്പൺ എന്ന ബംഗാളി നാടകത്തിന്റെ രചൈതാവാര് ?
ദിനബന്ധുമിത്ര .
18. സാരേ ജഹാം സേ അച്ഛാ' എന്ന ഗാനം രചിച്ചത് ആരാണ് ?
അല്ലാമാ മുഹമ്മദ് ഇഖ്ബാൽ .
19. ഭാരതീയ സംസ്കാരത്തിലും ദേശീയ പാരമ്പര്യത്തിലും അടിയുറച്ച പൗരസ്ത്യ ചിത്രകലയുടെ പ്രോത്സാഹനത്തിനായി അബനീന്ദ്രനാഥ ടാഗോർ ആരംഭിച്ച സ്ഥാപനം ഏതാണ്
ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയൻറൽ ആർട്സ് .
20. സതി , ഗ്രാമീണ ചെണ്ടക്കാരൻ തുടങ്ങിയ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ ചിത്രകാരനാര് ?
നന്ദലാൽ ബോസ് .
21. .ഇന്ത്യയിലെ ജീവിതത്തെയും സംസ്കാരത്തെയും ചിത്രീകരിച്ച ഇന്ത്യക്കാരുടെ മനസ്സിൽ ഒരൊറ്റ ഇന്ത്യയുടെ ചിത്രം വരയ്ക്കാൻ കഴിഞ്ഞ പ്രശസ്ത ചിത്രകാരി ആരാണ് ?
അമൃത ഷെർഗിൽ .

chapter 6 .

സമരവും സ്വാതന്ത്ര്യവും .

1. ഗാന്ധിജി ഇന്ത്യയിൽ പൊതുപ്രവർത്തനത്തിനു ആരംഭം കുറിച്ച സമരമേത് ?
ബീഹാറിലെ ചമ്പാരനിൽ നീലംകർഷകരുടെ സമരം 1917 .
2. ഗാന്ധിജി നികുതിനിഷേധവും സത്യാഗ്രഹവും സമരായുധങ്ങളായി ഉപയോഗിച്ച സമരമേത് ?
ഗുജറാത്തിലെ ഖേഡയിലെ കർഷകസമരം .
3. ജാലിയൻ വാലാബാഗ് കൂട്ടക്കൊലക്ക് നേതൃത്വം നൽകിയ ബ്രിട്ടീഷ് സൈനിക മേധാവി ആരായിരുന്നു? ?
ജനറൽ ഡയർ .
4. ഭീകരവാദപ്രവർത്തനങ്ങൾ തടയാനെന്ന പേരിൽ ബ്രിട്ടീഷ് പാർലമെന്റ് പാസ്സാക്കിയ നിയമമേത് ?
റൗലറ്റ് നിയമം .
5. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയ പ്രക്ഷോഭമേത് ?
നിസ്സഹകരണസമരം .
6. ഖിലാഫത് പ്രസ്ഥാനത്തിന്റെ നേതാക്കന്മാർ ആരെല്ലാമായിരുന്നു? ?
മൗലാനാ ഷൗക്കത് അലി, മൗലാനാ മുഹമ്മദ് അലി .
7. നിസഹകരണസമരം നിറുത്തിവക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം എന്തായിരുന്നു? ?
ചൗരിചൗരാ സംഭവം .
8. 1929 ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് ആര് ?
ജവഹർലാൽ നെഹ്രു .
9. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമലക്ഷ്യം പൂർണസ്വരാജ് ആണെന്ന് പ്രഖ്യാപിച്ച സമ്മേളനമേത് ?
ലാഹോർ സമ്മേളനം .
10. കേരളത്തിലെ ഉപ്പുസമരത്തിന്റെ പ്രധാനകേന്ദ്രമേത് ?
പയ്യന്നൂർ .
11. ഇന്ത്യൻനാഷണൽ കോൺഗ്രസ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജനസമരമേത് ?

ക്വിറ്റ് ഇന്ത്യാ സമരം .
12. ധരാസന ഉപ്പുസമരത്തിനു നേതൃത്വം നൽകിയതാര് ?
സരോജിനി നായിഡു .
13. 1923 ിൽ സ്വരാജ് പാർട്ടിക്ക് രൂപം നൽകിയവരാരെല്ലാം ?
സി. ആർ. ദാസ് , മോത്തിലാൽ നെഹ്റു .
14. അഭിനവ് ഭാരത് സൊസൈറ്റിയുടെ നേതാവാര് ?
വി. ഡി. സവാർക്കർ .
15. ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമിയുടെ നേതാവാര് ?
സൂര്യസെൻ .
16. സുഭാഷ് ചന്ദ്രബോസ് രൂപീകരിച്ച രാഷ്ട്രീയപാർട്ടി ഏതായിരുന്നു?
ഫോർവേഡ് ബ്ലോക്ക് .
17. ഇന്ത്യൻ നാഷണൽ ആർമി രൂപീകരിച്ചതാര് ?
റാഷ് ബിഹാരി ബോസ് .
18. ഇന്ത്യൻ നാഷണൽ ആർമിയുടെ വനിതാ വിഭാഗം ചുമതല ആർക്കായിരുന്നു ?
ക്യാപ്റ്റൻ ലക്ഷ്മി .
19. അഖിലേന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ്സിന്റെ രൂപീകരണത്തിനു നേതൃത്വം നൽകിയവരാരെല്ലാം ?
എൻ. എം. ജോഷി , ലാലാ ലജ്പത് റായ് .
20. ഇന്ത്യയെ വിഭജിക്കാതെ അധികാരകൈമാറ്റം സാധ്യമല്ല എന്ന് വാദിച്ച വൈസ്രോയി ആരായിരുന്നു ?
മൗണ്ട് ബാറ്റൺ പ്രഭു .
21. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ആരായിരുന്നു ?
ജവഹർലാൽ നെഹ്റു .

## ***CHAPTER 7 .***
***സ്വാതന്ത്ര്യാനന്തര ഇന്ത്യ .***

1. നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് സർദാർ വല്ലഭ്ഭായ് പട്ടേലിനൊപ്പം ചേർന്ന് പ്രവർത്തിച്ച മലയാളിയാര് ?
വി. പി. മേനോൻ .
2. , പോണ്ടിച്ചേരി ഇന്ത്യയുടെ ഭാഗമായതെന്ന്? ?
1954 .
3. ഗോവ ഇന്ത്യയുടെ ഭാഗമായതെന്ന് ?
1961 .
4. തെലുങ്കു സംസാരിക്കുന്നവർക്കായി ആന്ധ്രാസംസ്ഥാനം രൂപീകരിക്കുക എന്ന ആവശ്യവുമായി നിരാഹാരസമരമനുഷ്ഠിച്ച് മരണമടഞ്ഞ സ്വാതന്ത്ര്യസമരസേനാനിയാര് ?
പോട്ടി ശ്രീരാമലു .
5. സംസ്ഥാന പുനസ്സംഘടനാ കമ്മീഷന്റെ
അധ്യക്ഷനാരായിരുന്നു ?
ഫസൽ അലി .
6. ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് , ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ എന്നിവയുടെ തലവൻ ആരായിരുന്നു?
ഹോമി ജഹാംഗീർ ഭാഭ .
7. ഐ.എസ്.ആർ.ഒ. നിലവിൽവന്ന വർഷം ?
1969 .
8. ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം ആരംഭിച്ചതെവിടെ ?
തിരുവനന്തപുരത്തിനടുത്തുള്ള തുമ്പ .
9. ഇന്ത്യ വിക്ഷേപിച്ച ആദ്യ ഉപഗ്രഹമേത് ?
1975 ആര്യഭട്ട .
10. ഇന്ത്യയുടെ ആദ്യത്തെ ചന്ദ്ര പരീക്ഷണ ദൗത്യമേത് ?

ചന്ദ്രയാന് .
11. ഇന്ത്യൻ ബഹിരാകാശ വകുപ്പിന്റെ ചൊവ്വ ദൗത്യത്തിന്റെ പേരെന്താണ് ?
മംഗൾയാൻ .
12. ഭൂമിയിൽനിന്നും ഏറ്റവും അകലെയെത്തിയ ഇന്ത്യൻ നിർമിത പേടകമേത് ?
മംഗൾയാൻ .
13. " ഇന്ത്യയുടെ ഭാവി നിർണയിക്കപ്പെടുന്നത് ഇന്ത്യയുടെ ക്ലാസ് മുറികളിലാണ് " ഇതാരുടെ വാക്കുകൾ ?
ഡോ. ഡി.എസ്. കോത്താരി .
14. വിദ്യാഭ്യാസ അവകാശ നിയമം പാസ്സാക്കിയത് ?
2009 .
15. ഇന്ത്യയുടെ വിദേശനയത്തിന്റെ മുഖ്യശിൽപിയാര് ?
ജവഹർലാൽ നെഹ്റു .
16. ഇന്ത്യ ചൈനയുമായി പഞ്ചശീലതത്ത്വങ്ങൾ ഒപ്പിട്ടതെന്ന് ?
1954 .

## ***chapter 8 .***

***കേരളം ആധുനികതയിലേക്ക് .***

1. ഡച്ചുകാർക്ക് കേരളം വിട്ടുപോകേണ്ടി വന്ന യുദ്ധമേത് ?
1741 ിലെ കുളച്ചൽ യുദ്ധം .
2. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപമേത് ?
ആറ്റിങ്ങൽ കലാപം 1721 .
3. പഴശ്ശിരാജ മരണമടഞ്ഞതെന്ന് ?
1805 നവംബർ 30 .
4. കുണ്ടറവിളംബരം പുറപ്പെടുവിച്ചതെന്ന് ?
1809 ജനുവരി 11 .
5. തിരുവിതാംകൂർ സർക്കാർ പണ്ടാരപ്പാട്ട വിളംബരം പുറപ്പെടുവിച്ചതെന്ന് ?
1865 .
6. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുതപദ്ധതി ?
പള്ളിവാസൽ .
7. കേരളത്തിൽ ആദ്യമായി രൂപംകൊണ്ട സ്വകാര്യ ബാങ്കേത് ?
നെടുങ്ങാടി ബാങ്ക് .
8. മലയാളത്തിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം തയ്യാറാക്കിയതാര് ?
ആഞ്ചലോസ് ഫ്രാൻസിസ് .
9. മലയാളഭാഷയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ ഗ്രന്ഥമേത് ?
സംക്ഷേപവേദാർഥം .
10. മലയാളത്തിലെ ആദ്യ പത്രമേത് ?
രാജ്യസമാച◌ാരം .
11. തിരുവിതാംകൂറിൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കിയ ഭരണാധികാരിയാര് ?
ഗൗരി പാർവതി ഭായി 1817 .
12. സമത്വസമാജം സ്ഥാപകനാര് ?
വൈകുണ്ഠ സ്വാമികൾ .
13. സാധുജനപരിപാലനസംഘം സ്ഥാപകനാര് ?
അയ്യൻകാളി .
14. സഹോദരൻ അയ്യപ്പൻ സ്ഥാപിച്ച പ്രസ്ഥാനമേത് ?
സഹോദര പ്രസ്ഥാനം .
15. അരയസമാജം സ്ഥാപകനാര് ?
പണ്ഡിറ്റ് കെ.പി. കറുപ്പൻ .
16. നായർ സർവീസ് സൊസൈറ്റി സ്ഥാപിച്ചതാര് ?
മന്നത്ത് പത്മനാഭൻ .

17. യോഗക്ഷേമസഭ സ്ഥാപിച്ചതാര് ?
വി.ടി. ഭട്ടതിരിപ്പാട് .
18. കുമാരഗുരുദേവൻ സ്ഥാപിച്ച പ്രസ്ഥാനമേത് ?
പ്രത്യക്ഷരക്ഷാദൈവസഭ .
19. സാമൂഹിക രംഗത്ത് പുതുചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ശ്രീനാരായണഗുരു അരുവിപ്പുറത്ത് ശിവ പ്രതിഷ്ഠ നടത്തിയതെന്ന് ?
1888 .
20. സഞ്ചാര സ്വാതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന പ്രധാന പ്രക്ഷോഭമേത് ?
വൈക്കം സത്യാഗ്രഹം 1924 .
21. തിരുവിതാംകൂറിൽ ക്ഷേത്ര പ്രവേശന വിളംബരം പുറപ്പെടുവിച്ചതെന്ന് ?
1936 നവംബർ 12 .
22. ആരുടെ നേതൃത്വത്തിലായിരുന്നു ഗുരുവായൂർ സത്യാഗ്രഹം നടന്നത് ?
കെ. കേളപ്പൻ 1931 .
23. മലയാളി മെമ്മോരിയലിനു നേതൃത്വംനൽകിയതാര് ?
ബാരിസ്റ്റർ ജി.പി. പിള്ള [ 1891 ].
24. 1896 ലെ ഈഴവ മെമ്മോറിയലിനു നേതൃത്വം നൽകിയതാര് ?
ഡോ. പൽപ്പു .
25. നിവർത്തന പ്രക്ഷോഭം ആരംഭിച്ചതെന്ന് ?
1932 എൻ.വി. ജോസഫ് , പി.കെ. കുഞ്ഞ് , സി. കേശവൻ എന്നിവരുടെ നേതൃത്വത്തിൽ .
26. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒന്നാം കേരളസംസ്ഥാന രാഷ്ട്രീയ സമ്മേളനം നടന്നതെവിടെ ?
ഒറ്റപ്പാലത്ത് 1921
27. ഒന്നേകാൽ കോടി മലയാളികൾ എന്ന ഗ്രന്ഥമെഴുതിയതാര് ?
ഇ.എം.എസ്. നമ്പൂതിരിപ്പാട് .

## chapter 9. .

രാഷ്ട്രവും രാഷ്ട്രതന്ത്ര ശാസ്ത്രവും .

1. രാഷ്ട്രം എന്ന പദം ആദ്യമായി ഉപയോഗിച്ച ചിന്തകനാര് ?
പാശ്ചാത്യ ചിന്തകനായ നിക്കോളോ മാക്യവല്ലി .
2. യാതൊരു കാരണവശാലും വിഭജിക്കാനാവാത്ത രാഷ്ട്രത്തിന്റെ ഘടകമേത് ?
പരമാധികാരം .
3. ഏറ്റവും സ്വീകാര്യമായ രാഷ്ട്രരൂപീകരണ സിദ്ധാന്തമേത് ?
പരിണാമസിദ്ധാന്തം .
4. ഒരു രാജ്യത്തെ പൂർണവും തുല്യവുമായ അംഗത്വമാണ് --- ?
പൗരത്വം .
5. രണ്ടു തരത്തിലുള്ള പൗരത്വങ്ങളേവ ?
സ്വാഭാവിക പൗരത്വം , ആർജിത പൗരത്വം .
6. രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവെന്നറിയപ്പെടുന്നതാര്  ?
അരിസ്റ്റോട്ടിൽ .
7. രാഷ്ട്രത്തെ സമഗ്രമായി വിശകലനം ചെയ്ത അരിസ്റ്റോട്ടിലിന്റെ കൃതിയേത് ?
പൊളിറ്റിക്സ് .

## chapter11.

സമൂഹശാസ്ത്രം എന്ത് എന്തിന് .

1. സമൂഹശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നതാരെ ?
അഗസ്ത് കോംതെ .

2. ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്ത തത്വങ്ങൾ സമൂഹപഠനത്തിന് പ്രയോജനപ്പെടുത്തിയ ചിന്തകനാര് ?

ഹെർബർട്ട് സ്പെന്സർ .

3. മനുഷ്യനും അവന്റെ ചുറ്റുപാടും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ചുള്ള ശാസ്ത്രീയപഠനമാണ് --- ?

സമൂഹശാസ്ത്രം .

4. അപൂർവവും വേറിട്ടതുമായ സാമൂഹികമായ പ്രതിഭാസങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിലുള്ള പഠനമാണ് --- ?

കേസ് സ്റ്റഡി .